# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *156 11.02.2020 ൽ മറുപടിക്ക്

**<u>ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള സഹായവാഗ്ദാനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ,<br>ശ്രീ. പാറക്കൽ അബ്ദുല്ല,<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ജപ്പാൻ, കൊറിയ സന്ദർശനവേളയിൽ എന്തെല്ലാം സഹായവാഗ്ദാനങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; | (എ), (ബി) & (സി) | ജപ്പാനുമായുള്ള വികസന സഹകരണത്തിന്റെ ഭാഗമായി M/s ടെറുമോ പെൻപോൾ ലിമിറ്റഡ് തിരുവനന്തപുരത്ത് 105 കോടി രൂപ മുതൽ മുടക്കിൽ ബ്ലഡ് ബാഗ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം നീറ്റാ ജെലാറ്റിൻ കമ്പനിയും വികസന പ്രവർത്തനങ്ങൾക്കായി കേരളത്തിൽ 200 കോടി രൂപ മുതൽമുടക്കുവാൻ തയ്യാറായിട്ടുണ്ട്. ആയുർവേദം, ഐടി, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ ജപ്പാനിൽ നിന്നുള്ള നിക്ഷേപ സാധ്യതകളും തെളിഞ്ഞിട്ടുണ്ട്. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇലക്ട്രിക് വാഹനങ്ങളിൽ ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററികൾ സ്ഥാപിക്കാനും ഇത്തരം ബാറ്ററി പാക്കേജിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും M/s തോഷിബയുമായി ധാരണയായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി M/s തോഷിബയുടെ ഉന്നത ഉദ്യോഗസ്ഥർ കേരളം സന്ദർശിക്കുകയും, വ്യവസായ ഗതാഗത വകുപ്പുകളുമായി ചർച്ച നടത്തുകയും ചെയ്തു. ഇലക്ട്രിക് വാഹന ഉല്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെ (PWC) ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ വിശദമായ പദ്ധതി രേഖ സമർപ്പിക്കുന്നതാണ്. M/s ടോയോട്ട കോർപ്പറേഷന്റെ ഹൈഡ്രജൻ ഫ്യൂവൽ സെൽ നിർമ്മാണ യൂണിറ്റ് കേരളത്തിൽ സ്ഥാപിക്കുന്നത് |
| (ബി) | ഇതിൽ ഏതെല്ലാം കാര്യങ്ങളിൽ നടപടി ആരംഭിച്ചെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | മറ്റുകാര്യങ്ങളിൽ എന്നത്തേക്ക് നടപടി സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച നിർദ്ദേശവും നിലവിലുണ്ട്. കൂടാതെ ഫ്യുവൽ സെൽ വാഹനങ്ങൾ ഭാഗികമായി നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് കൊറിയൻ വാഹന നിർമ്മാതാക്കളായ ഹ്യുണ്ടായ് കമ്പനി പരിശോധിച്ചു വരികയാണ്. ഹ്യുണ്ടായ് മോട്ടോർ കമ്പനിക്ക് വാഹന ഘടകങ്ങൾ വിതരണം ചെയ്യുന്ന M/s എൽ.കെ ഹൈ-ടെക് എന്ന സ്ഥാപനത്തിന് പാലക്കാട് ജില്ലയിൽ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ (സിൽവർലൈൻ) പദ്ധതിക്കാവശ്യമായ റോളിംഗ് സ്റ്റോക്കും സിഗ്നലിംഗ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള സന്നദ്ധത ഹ്യുണ്ടായ് റോട്ടം ടീം പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ റെയിൽവെ /മെട്രോ /സിൽവർലൈൻ പദ്ധതികളുടെ EMU കോച്ചുകൾ വാങ്ങുന്നതിന് പ്രസ്തുത സ്ഥാപനങ്ങളുമായി ധാരണയാകുന്ന പക്ഷം ടി കോച്ച് നിർമ്മാണ യൂണിറ്റുകൾ പാലക്കാട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും ഹ്യുണ്ടായ് റോട്ടം ടീം മുന്നോട്ട് വച്ചിട്ടുണ്ട്. കേരള ടൂറിസം വകുപ്പും ബുസാനിലെ (ദ.കൊറിയ) ഇൻഡ്യ യോഗ സെന്ററുമായി ചേർന്ന് ആയുർവേദ, വെൽനെസ്സ്, യോഗ, ടൂറിസം മേഖലകളിൽ സഹകരണവും സഹവർത്തിത്വവും ഉറപ്പാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ചേർത്തലയിലെ കെ.എസ്.ഐ.ഡി.സി മെഗാഫുഡ് പാർക്കിൽ നിന്നും സമുദ്രോൽപന്നങ്ങൾ കൊറിയയിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള ചർച്ചകളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ